# MATHRUBHUMI

## To Focus on 'Kerala Tourists'

**Date :** 21.5.2020 | **Edition : Kochi** | **Page :** 10 | **Clip size (cm) : W:** 21 **H:** 13

---

### കരകയറാൻ ടൂറിസം വകുപ്പ്

# ലക്ഷ്യം 'കേരളാ ടൂറിസ്റ്റുകൾ'

**എം.കെ. സുരേഷ്**
തിരുവനന്തപുരം



▸ കോവിഡിൽ തകർന്നടിഞ്ഞ വിനോദസഞ്ചാര മേഖലയുടെ തിരിച്ചുവരവിന് ടൂറിസം വകുപ്പ് തയ്യാറെടുപ്പ് തുടങ്ങി. വ്യാപാരമേഖലകളിൽനിന്നു ലഭിച്ച നിർദേശങ്ങൾ പരിഗണിച്ചുള്ള അതിജീവന രൂപരേഖ വിവിധതലങ്ങളിൽ ചർച്ചകളിലാണ്. മറുനാട്ടുകാരുടെ വരവ് വൈകുമെന്നതിനാൽ കേരളത്തിൽനിന്നുള്ളവരെ വിനോദസഞ്ചാര മേഖലകളിൽ എത്തിക്കുന്നതിനാകും മുൻഗണന.

കേരളത്തിലുള്ളവർ കേരളം കാണട്ടെ എന്നതിന് ഊന്നൽ നൽകി പ്രചാരണം തുടങ്ങും. മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള സഞ്ചാരികൾ ഉടൻ കേരളത്തിലെത്താൻ സാധ്യതയില്ലാത്തതിനാൽ അവരെ രണ്ടാമതേ പരിഗണിക്കൂ. ഓണത്തോടെയെങ്കിലും മലയാളികളായ സഞ്ചാരികളെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ആകർഷിക്കാനാകുമെന്നാണ് ടൂറിസം വകുപ്പിന്റെ പ്രതീക്ഷ. കോവിഡിൽനിന്നു കരകയറാനുള്ള അതിജീവന പാക്കേജിന് അന്തിമരൂപമായിട്ടില്ല.

**കുറഞ്ഞ പലിശയ്ക്ക് വായ്പ**

സഹകരണ ബാങ്കുകൾവഴി ടൂറിസം യൂണിറ്റുകൾക്കും തൊഴിലാളികൾക്കും കുറഞ്ഞപലിശയ്ക്ക് വായ്പ നൽകുന്നത് പരിഗണനയിലാണ്. ജൂലായ് മാസത്തോടെ പ്രചാരണം തുടങ്ങാനായിരുന്നു തീരുമാനം. പ്രവാസികളുടെ മടങ്ങിവരവോടെ രോഗികൾ കൂടിയതിനാൽ രണ്ടാഴ്ചയ്ക്കുശേഷം സ്ഥിതി വിലയിരുത്തിയാകും പാക്കേജിന് അന്തിമരൂപം നൽകുക.

**പ്രതിസന്ധി തീരാൻ ഒരു വർഷത്തിലേറെ വേണം**

വിനോദസഞ്ചാര മേഖലയുടെ തിരിച്ചുവരവിന് ധനകാര്യം, തദ്ദേശം, ടൂറിസം വകുപ്പുകളുടെ സംയുക്ത ശ്രമമാണ് നടക്കുന്നത്. ടൂറിസം യൂണിറ്റുകളുടെ കെട്ടിടനികുതി ഇളവിന്റെ കാര്യങ്ങൾ തദ്ദേശവകുപ്പ് മന്ത്രി എ.സി. മൊയ്തീനുമായി ചർച്ചചെയ്തു. ചില ഇളവുകൾ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ടൂറിസം യൂണിറ്റുകൾക്കും തൊഴിലാളികൾക്കും സഹകരണ ബാങ്കുകൾവഴി വായ്പനൽകുന്നതിൽ തീരുമാനം വരാനിരിക്കുകയാണ്. ഏതൊക്കെ യൂണിറ്റുകൾക്ക് എത്ര രൂപവരെ നൽകാം എന്നീ കാര്യങ്ങൾ ചർച്ചയിലാണ്. ചെറുകിട യൂണിറ്റുകൾക്ക് ഏഴുശതമാനം പലിശയ്ക്ക് ഒരു ലക്ഷംവരെ നൽകാൻ സഹകരണവകുപ്പ് ഉത്തരവായിരുന്നു. വസ്തുവോ സ്വർണമോ ഈടായി സ്വീകരിച്ചോ പരസ്പര ജാമ്യത്തിലോ വായ്പ ലഭ്യമാക്കും. മേഖലയ്ക്ക് മറ്റ് ഇളവുകളും സർക്കാർ പ്രഖ്യാപിച്ചേക്കും.

**കേരളം സുരക്ഷിതം**

സംസ്ഥാനത്ത് രോഗികളും മരണനിരക്കും കുറഞ്ഞതാണെന്നും കേരളം സുരക്ഷിതമാണെന്നും ലോകത്തെ ബോധ്യപ്പെടുത്താനായത് നേട്ടമാണ്. ഇത് പ്രചാരണത്തിന് ഉപയോഗിക്കും.

**നഷ്ടം താങ്ങാനാവാത്തത്**

▸ ഇപ്പോഴത്തെ പ്രതിസന്ധിയിൽനിന്നു പൂർണമായും കരകയറാൻ 12 മുതൽ 18 വരെ മാസം വേണ്ടിവരുമെന്നാണ് മേഖലയിലുള്ളവർ പറയുന്നത്. മുപ്പത്തയ്യായിരം കോടിയുടെ വരെ നഷ്ടമുണ്ടാകുമെന്ന് കോൺഫെഡറേഷൻ ഓഫ് കേരള ടൂറിസം ഇൻഡസ്ട്രി പ്രസിഡന്റ് ഇ.എം. നജീബ് വിശദീകരിച്ചു. കേന്ദ്രസർക്കാരിന്റെ പാക്കേജുകളിൽ ടൂറിസത്തിനു പരിഗണനയില്ലാത്തത് തിരിച്ചടിയാണ്. 15 ലക്ഷം പേർക്ക് മേഖലയിൽ തൊഴിൽ നഷ്ടമായെന്നും അദ്ദേഹം പറഞ്ഞു.